# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 183 : 18/06/2013- ൽ മറുപടിക്ക്

### പൊതുമേഖലാ സ്ഥാപനങ്ങളുടെ അനുബന്ധമേഖലയെ ശക്തിപ്പെടുത്തുന്നതിന് കർമ്മ പദ്ധതികൾ

ചോദ്യം

ഉത്തരം

ശ്രീ. റ്റി.എൻ.പ്രതാപൻ:
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:
ശ്രീ. വി.ഡി.സതീശൻ:
ശ്രീ. ജോസഫ് വാഴക്കൻ :

ശ്രീ. പി. കെ.കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പൊതുമേഖലാ സ്ഥാപനങ്ങൾ ആശ്രയിക്കുന്ന അനുബന്ധ മേഖലയെ ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത്; വിശദമാക്കുമോ; | (എ) & (ബി) | പൊതുമേഖലാ സ്ഥാപനങ്ങൾക്ക് വിവിധ ഉത്പന്നങ്ങൾ ലഭ്യമാക്കുന്ന ചെറുകിട – ഇടത്തരം വ്യവസായ യൂണിറ്റുകളെ പ്രോത്സാഹിപ്പിക്കുന്നതിന് വിവിധ പദ്ധതികളുണ്ട്. വ്യവസായ ഡയറക്ടറേറ്റിന്റെയും, കിൻഫ്ര, സിഡ്കോ, കെ.എസ്.ഐ.ഡി.സി. തുടങ്ങിയ സ്ഥാപനങ്ങളുടെയും ആഭിമുഖ്യത്തിൽ വികസിപ്പിച്ചിട്ടുള്ള വ്യവസായ പാർക്കുകളിൽ ഇത്തരം യൂണിറ്റുകൾക്ക് സ്ഥലം, കെട്ടിടം, വൈദ്യുതി, വെള്ളം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നുണ്ട്. ഇത്തരം യൂണിറ്റുകളുടെ ഉത്പന്നങ്ങളുടെ വിപണനം മെച്ചപ്പെടുത്താനായി വ്യവസായ ഡയറക്ടറേറ്റും സിഡ്കോയും മുഖേന വിവിധ എക്സിബിഷനുകളും ബിസിനസ്സ് ടു ബിസിനസ്സ് മീറ്റുകളും വിവിധ സ്ഥലങ്ങളിൽ സംഘടിപ്പിക്കുന്നുണ്ട്. വ്യവസായ വകുപ്പിന്റെ ആഭിമുഖ്യത്തിൽ വിവിധ പൊതുമേഖലാ സ്ഥാപനങ്ങളും നിരവധി ചെറുകിട-ഇടത്തരം യൂണിറ്റുകളും പങ്കെടുക്കുന്ന ബയർ/സെല്ലർ മീറ്റ് പതിവായി സംസ്ഥാന തലത്തിൽ സംഘടിപ്പിക്കുന്നുണ്ട്. |
| (ബി) | ഇതിനായി പ്രത്യേക പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | | |

| | | | |
|---|---|---|---|
| (സി) | പുത്തൻ വ്യവസായ യൂണിറ്റുകളുടെ ധനസഹായത്തിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത് എന്ന് വിശദമാക്കുമോ; | (സി) & (ഡി) | പുതുതായി തുടങ്ങുന്ന യൂണിറ്റുകളെ സഹായിക്കാനായി സംരംഭ സഹായ പദ്ധതി (എന്റർപ്രണർ സപ്പോർട്ട് സ്കീം) പദ്ധതി വഴി ധനസഹായം നൽകുന്നുണ്ട്. പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി കൊടുത്തിരിക്കുന്നു. |
| (ഡി) | ഇതിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്? | | |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

സംരംഭകത്വ സഹായ പദ്ധതി മുഖേന ലഭിക്കുന്ന ആനുകൂല്യങ്ങൾ താഴെപ്പറയുന്നതവയാണ്.

- പരമാവധി 30 ലക്ഷം രൂപയാണ് ഒരു അപേക്ഷകന് സബ്സിഡിയായി ലഭിക്കുക.
- അനുവദിക്കപ്പെട്ട തുകയുടെ 30% സൂക്ഷ്മ വ്യവസായങ്ങൾക്കായി മാറ്റിവച്ചിരിക്കുന്നു. എന്നാൽ അപേക്ഷകരുടെ അഭാവത്തിൽ മേൽത്തുക മറ്റു ചെറുകിട വ്യവസായങ്ങൾക്കായി ഉപയോഗിക്കുന്നതാണ്.
- എം.എസ്.എം.ഇ. സംരംഭകർക്ക് മൂലധന നിക്ഷേപത്തിന്റെ 15% സഹായധനം - 20 ലക്ഷം വരെ.
- വനിത പട്ടികജാതി/പട്ടികവർഗ്ഗ സംരംഭകർക്ക്, യുവ സംരംഭകർ എന്നിവർക്ക് മൂലധനത്തിന്റെ 20% സഹായധനം - 30 ലക്ഷം വരെ.
- റബ്ബർ, ഭക്ഷ്യ സംസ്കരണം തുടങ്ങിയ ത്രസ്റ്റ് മേഖലകളിൽ തുടങ്ങുന്ന വ്യവസായങ്ങൾക്ക് മൂലധനത്തിന്റെ 10% അധിക സഹായധനം - 10 ലക്ഷം വരെ.
- വയനാട്, ഇടുക്കി, കാസർഗോഡ്, പത്തനംതിട്ട ജില്ലകളിൽ വ്യവസായം തുടങ്ങുന്നവർക്ക് 10% അധിക ധനസഹായം - 10 ലക്ഷം വരെ.
- നൂതന സാങ്കേതിക വിദ്യ അംഗീകരിക്കപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ആർജ്ജിക്കുന്നതിന് 10% അധിക ധനസഹായം - 10 ലക്ഷം വരെ.
- പുതിയ സംരംഭം തുടങ്ങുന്നതിന് ധനസഹായം - 3 ലക്ഷം വരെ.
- വികസനം, വൈവിദ്ധ്യവത്ക്കരണം ആധുനികവത്ക്കരണം എന്നിവയ്ക്കുള്ള ധനസഹായം.

സെക്ഷൻ ഓഫീസർ